**പതിനാലാം കേരള നിയമസഭ**
**പത്തൊമ്പതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.627** **03-03-2020-ൽ മറുപടിക്ക്**

**മുസിരിസ് ഹെറിറ്റേജ് പ്രോജക്ടിന്റെ വികസനം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.സി. ദിവാകരൻ<br>,, ജി.എസ്.ജയലാൽ<br>,, ഇ.ടി. ടൈസൺ മാസ്റ്റർ<br>ശ്രീമതി.സി.കെ. ആശ | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | മുസിരിസ് ഹെറിറ്റേജ് പ്രോജക്ട് എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (എ) | കേരളത്തിലെ പ്രാചീന തുറമുഖ പട്ടണമായിരുന്നു മുസിരിസ്. കേരളത്തിൽ നിന്നും പാശ്ചാത്യ രാജ്യങ്ങളിലേക്ക് സുഗന്ധ വ്യഞ്ജനങ്ങൾ കയറ്റി അയച്ചിരുന്നത് ഈ തുറമുഖം വഴിയായിരുന്നു. ഏകദേശം 2500 വർഷത്തോളം പഴക്കമുള്ള ഈ നാടിന്റെ ചരിത്രത്തെയും അതിന്റെ തിരുശേഷിപ്പുകളെയും ശാസ്ത്രീയമായി സംരക്ഷിച്ച് പോരുന്ന പദ്ധതിയാണ് മുസിരിസ് പൈതൃക പദ്ധതി. ഏകദേശം 150 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയിൽ 12 പഞ്ചായത്തുകളിലും 2 മുനിസിപ്പാലിറ്റികളിലുമായി വ്യാപിച്ചുകിടക്കുന്ന ഈ പൈതൃക സംരക്ഷണ പദ്ധതിയിൽ ഇന്ത്യയിലെ ആദ്യത്തേത് എന്ന് അവകാശപ്പെടുന്ന പറവൂരിലെ ജൂത ദേവാലയം, കൊടുങ്ങല്ലൂർ ചേരമാൻ ജുമാ മസ്ജിദ്, പറവൂരിലെ കോട്ടേക്കാവ് സെന്റ് തോമസ് പള്ളി, കൂടാതെ കേരളത്തിലെ ആദ്യകാല ക്ഷേത്രങ്ങളും (തിരുവഞ്ചിക്കുളം അമ്പലം, കീഴ്ത്തളി ശിവക്ഷേത്രം, ത്രിക്കുലശേഖരപുരം ക്ഷേത്രം, കൊടുങ്ങല്ലൂർക്കാവ്), കേരളത്തിന്റെ ആദ്യകാല |

| | | | |
|---|---|---|---|
| | | | ചരിത്രം വ്യക്തമായ തെളിവുകളുടെ അടിസ്ഥാനത്തിൽ വിവരിക്കുവാൻ സാധിക്കുന്ന രണ്ട് ഉത്ഖനന പ്രദേശങ്ങളായ പട്ടണം, കോട്ടപ്പുറം കോട്ട എന്നീ സ്ഥലങ്ങളും പദ്ധതി പ്രദേശത്തെ നവോത്ഥാന നായകന്മാരായ കേസരി ബാലകൃഷ്ണപിള്ള, പി.എ.അബ്ദുറഹിമാൻ സാഹിബ്, സഹോദരൻ അയ്യപ്പൻ, പി.കേശവദേവ് എന്നിവരുടെ ഭവനങ്ങളും സ്മാരകങ്ങളും ഈ പദ്ധതിയിൽ ഉൾപ്പെടുത്തി സംരക്ഷിച്ചു പോരുന്നു. |
| (ബി) | ഈ പ്രോജക്ട് ഏത് വർഷമാണ് ആരംഭിച്ചതെന്നും അതിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ; | (ബി) | 2009-ൽ ആരംഭിച്ച ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.<br><br>1. മുസിരിസ് ചരിത്ര പൈതൃക സ്മാരകങ്ങളെ പുനരുദ്ധരിക്കുകയും സംരക്ഷിക്കുകയും ചെയ്യുക.<br>2. കേരളത്തിലെ വിദ്യാർഥികളിലും യുവാക്കളിലും ചരിത്ര പൈതൃക സ്മാരകങ്ങളെ കുറിച്ച് അനൗപചാരിക വിദ്യാഭ്യാസം നൽകുക.<br>3. ഇന്ത്യൻ ചരിത്ര പൈതൃകങ്ങളെ ലോക ടൂറിസം പദ്ധതിയുടെ ഭാഗമാക്കുക.<br>4. പദ്ധതി പ്രദേശത്ത് തൊഴിൽ അവസരങ്ങൾ വർദ്ധിപ്പിക്കുക.<br>5. പൈതൃക സ്മാരകങ്ങളെ പുന:സൃഷ്ടിച്ച് യുവാക്കളിൽ പൈതൃക അവബോധം വളർത്തിയെടുക്കുക.<br>6. പ്രാദേശിക സംരംഭകരെ സൃഷ്ടിക്കുക.<br>7. പൈതൃക ടൂറിസത്തിന്റെ സുസ്ഥിര വികസനം |
| (സി) | ഈ സർക്കാരിന്റെ കാലയളവിൽ മുസിരിസ് ഹെറിറ്റേജ് പ്രോജക്ടിന്റെ വികസനവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം മുസിരിസ് ഹെറിറ്റേജ് പ്രോജക്ടിൽ 48.42 കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | എന്തെല്ലാമാണെന്ന് വിശദമാക്കമോ; | | |
| (ഡി) | മുസിരിസ് ഹെറിറ്റേജ് പ്രോജക്ടിന്റെ ഭാഗമായി വരുമാനം വർധിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം മാർഗ്ഗങ്ങളിലാണ് വരുമാന വർദ്ധന ഉണ്ടായതെന്ന് വെളിപ്പെടുത്തുമോ? | (ഡി) | വർഷംതോറും പ്രോജക്ടിൽ നിന്നുള്ള വരുമാനം വർധിച്ച് വരുന്നുണ്ട്. മ്യൂസിയങ്ങളിലേക്കുള്ള പ്രവേശന ടിക്കറ്റ് ഇനത്തിലും ബോട്ട് സർവ്വീസ് ചാർജ്ജിനത്തിലും മുസിരിസ് ഇന്റർനാഷണൽ റിസർച്ച് & കൺവെൻഷൻ സെന്ററിന്റേയും, റെസ്റ്റോറന്റുകളുടെയും വാടക ഇനത്തിലും 2017-18 മുതൽ റവന്യൂ വരുമാനം ലഭിച്ചുകൊണ്ടിരിക്കുന്നുണ്ട്. |

Sandhya

**സെക്ഷൻ ഓഫീസർ**